

അമൃത വിശ്വവിദ്യാപീഠം വിദ്യാർഥികൾ ശാസ്താംകോട്ട തടാകതീരത്തെ മാലിന്യം നീക്കുന്നു.

# വിദ്യാർഥികൾ ടൗണിലും തടാകതീരത്തും മാലിന്യ നിർമാർജനം നടത്തി

ശാസ്താംകോട്ട: അമൃത വിശ്വവിദ്യാപീഠത്തിലെ വിദ്യാർഥികൾ ടൗണിലും തടാകതീരത്തും മാലിന്യ നിർമാർജനം നടത്തി. സാധാരണ ശുചീകരണ രീതിയിൽ നിന്നു വ്യത്യസ്തമായി ജൈവമാലിന്യങ്ങളും ഖരമാലിന്യങ്ങളും വേർതിരിച്ചു സംഭരിച്ചു നീക്കംചെയ്യുകയായിരുന്നു. അഴുക്കു കുനകൾക്കരികെ കുത്തിയിരുന്നു ചികയുന്ന വിദ്യാർഥികൾ കാഴ്ചക്കാരിൽ കടുത്ത മാനസിക സമ്മർദമുണ്ടാക്കി.

മാലിന്യം തള്ളുന്നവർക്കും ശരിയായ വിധം മാലിന്യം നീക്കം ചെയ്യാത്തവർക്കും ശക്തമായ ബോധവൽക്കരണമാണു വിദ്യാർഥികൾ നൽകിയത്. അഴുക്കു കുനയിൽ ചികയുന്നതിനിടെ തേളിന്റെ കുത്തേറ്റ ബിടെക് വിദ്യാർഥി ധൻരാജിനു താലൂക്ക് ആശുപത്രിയിൽ ചികിൽസ നൽകി.

സ്വാതന്ത്ര്യദിനത്തിൽ ശുചീകരണത്തിനുശേഷം മാതാ അമൃതാനന്ദമയിയെ സന്ദർശിച്ച വിദ്യാർഥികൾക്ക് അമ്മ നൽകിയ ഉപദേശമാണ് ഇത്തരമൊരു സംരംഭം വ്യാപകമാക്കാൻ വിശ്വവിദ്യാപീഠത്തെ പ്രേരിപ്പിച്ചതെന്നു ക്യാംപസ് ഡയറക്ടർ ബ്രഹ്മചാരി സുദീപ് പറഞ്ഞു.

ഒരു ദിവസം നടത്തി അവസാനിപ്പിക്കാനുള്ളതല്ല ശുചീകരണമെന്നും ഇതൊരു തുടർസംരംഭമാക്കി മാതൃകയാകണമെന്നുമുള്ള അമ്മയുടെ ഉപദേശം ഏറ്റെടുത്താണ് അവധിദിനങ്ങളിൽ കുട്ടികൾ കരുനാഗപ്പള്ളിയിൽ ശുചീകരണം ആരംഭിച്ചത്.

ശാസ്താംകോട്ട തടാകതീരത്തേക്കു കൂടി ശുചീകരണം വ്യാപിപ്പിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്നലെ കാലത്തു ടൗണിലെത്തിയ 520 കുട്ടികളിൽ നൂറോളം പേർ 11 മണിയോടെ കരുനാഗപ്പള്ളിയിൽ ശുചീകരണത്തിനു പോയി. ആശുപത്രി വളപ്പ്, ചന്ത, കെഎസ്ആർടിസി ഡിപ്പോ, ക്ഷേത്രക്കടവ്, ടൗൺ, ഫിൽറ്റർ ഹൗസ് പരിസരം എന്നിവിടങ്ങളിൽ ശുചീകരണം നടത്തി. ശേഖരിച്ചവയിൽ ജൈവമാലിന്യങ്ങൾ ആറിടത്തായി കുഴിച്ചുമൂടി. മൂന്നു ലോഡ് പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും സംസ്കരിക്കാൻ അമൃതപുരിയിലേക്കു കൊണ്ടുപോയി.

മരാമത്തു വകുപ്പു ലക്ഷങ്ങളുടെ കരാർ നൽകി ഓടകളിൽ നിന്നു വാരിയ മാലിന്യങ്ങൾ ഫിൽറ്റർ ഹൗസിനു സമീപം തട്ടിയിരുന്നതും തടാകതീരത്തു ചില സംഘടനകളും അധികൃതരും വാരിക്കൂട്ടിയിരുന്നവയും വിദ്യാർഥികൾ വേർതിരിച്ചു നീക്കം ചെയ്തു. ജലശുദ്ധീകരണ പ്ലാന്റിനു സമീപം മരാമത്തു വകുപ്പു കരാറുകാർ തട്ടിയ മാലിന്യം ഒരു ലോഡിലേറെയുണ്ടായിരുന്നു.

അധ്യാപകരായ ബാലകൃഷ്ണൻ, ആർ.വി.ജി. മേനോൻ, ബ്രഹ്മചാരികൾ, അമൃതകുടുംബം പ്രവർത്തകർ എന്നിവരും പങ്കെടുത്ത ശുചീകരണം രാത്രി ഏഴരയ്ക്കാണ് അവസാനിച്ചത്.